# കറാമത്തുകൾ

നമ്മുടെ മാർഗത്തിൽ കഠിനാദ്ധ്വാനം ചെയ്തവർക്ക് നമ്മുടെ വഴികൾ നാം തുറന്ന് കൊടുക്കുന്നതാണ്. അല്ലാഹു നല്ലവരോടൊപ്പമത്രെ.
(വി. ഖുർആൻ അങ്കബൂത്. 69)

## ഔലിയാഉം കറാമത്തും

അറബി ഭാഷയിലെ വലാ യലീ എന്ന ക്രിയയുടെ കർതൃ രൂപമാണ് വലിയ്യ്. വലിയ്യിന്റെ ബഹുവചനമാണ് ഔലിയാഅ്. വലാ എന്ന ഭൂത കാല ക്രിയക്ക് അടുത്തു , സ്നേഹിച്ചു , സഹായിച്ചു എന്നീ അർത്ഥങ്ങളുണ്ട്.അല്ലാഹുവിലേക്ക് അടുക്കുകയും അവനെ സ്നേഹിക്കുകയും അവന്റെ മതത്തെ സഹായിക്കുകയും ചെയ്യുകവഴി അല്ലാഹുവിന്റെ അടുപ്പത്തിനും സ്നേഹത്തിനും സഹായങ്ങൾക്കും പാത്രീഭവിച്ചവരെ കുറിച്ചാണ് ഔലിയാഅ് എന്ന് വ്യവഹരിക്കുന്നത്.

ഇവിടെ ചില ചോദ്യങ്ങൾ ഉത്ഭവിക്കുന്നു.മനുഷ്യന് അല്ലാഹുവിലേക്ക് അടുക്കാമോ? അവനെ സ്നേഹിക്കാമോ? സഹായിക്കാമോ?. അങ്ങനെ ചെയ്യുന്നവരിലേക്ക് അവൻ അടുക്കുമോ? അവരെ സ്നേഹിക്കാമോ? സഹായിക്കാമോ?

ബുഖാരിയും മുസ്ലിമും നിവേദനം ചെയ്ത ഒരു ഹദീസ് ഈ സംശയങ്ങൾക്ക് മറുപടി നൽകുന്നു.

അബൂ ഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു. അല്ലാഹു പറയുന്നു.- എന്റെ വലിയ്യിനോട് ആരെങ്കിലും ശത്രുത പുലർത്തിയാൽ അവനുമായി ഞാൻ യുദ്ധം

പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ എന്റെ അടിമയുടെ മേൽ നിർബന്ധമാക്കിയ കാര്യങ്ങളേക്കാൾ എനിക്കിഷ്ടപ്പെട്ട ഒരു കാര്യം കൊണ്ടും അടിമ എന്നിലേക്ക് അടുത്തിട്ടില്ല. എന്റെ അടിമ എന്നിലേക്ക് സുന്നത്തുകൾ അനുഷ്ഠിച്ച് അടുത്തു കൊണ്ടിരിക്കും. അങ്ങനെ ഞാനവനെ സ്നേഹിക്കും.ഞാൻ അവനെ സ്നേഹിച്ചു കഴിഞ്ഞാൽ അവൻ കേൾക്കുന്ന കാത് ഞാനാകും. അവൻ കാണുന്ന കണ്ണ് ഞാനാവും.അവൻ പിടിക്കുന്ന കയ്യ് ഞാനാകും.അവൻ നടക്കുന്ന കാൽ ഞാനാകും.അവൻ എന്നോട് ചോദിച്ചാൽ ഞാൻ തീർച്ചയായും നൽകും. എന്നോട് കാവൽ ചോദിച്ചാൽ ഞാൻ അവന് കാവൽ നൽകും തീർച്ച.

അല്ലാഹുവിനോട് അടുക്കുകയും അവനെ സ്നേഹിക്കുകയും ചെയ്താൽ അവൻ ഇങ്ങോട്ടും അടുക്കുകയും സ്നേഹിക്കുകയും ചെയ്യുമെന്ന് ഉദ്ധൃത ഹദീസ് വ്യക്തമാക്കുന്നു.അവന്റെ കയ്യ് ഞാനാകും കണ്ണ് ഞാനാകും എന്നിങ്ങനെയുള്ള പ്രയോഗങ്ങളുടെ ഉദ്ദേശ്യമെന്തെന്നത് പ്രത്യേകം ചർച്ച അർഹിക്കുന്നുണ്ട്. അതിന്റെ ബാഹ്യാർത്ഥം ഉദ്ദേശ്യമല്ല എന്ന് പ്രത്യേകം പറയേണ്ടതില്ല. സ്രഷ്ടാവായ അല്ലാഹു സൃഷ്ടിയുടെ ഒരംശമായി മാറുന്നതും അതിൽ അർഹിക്കു ന്നതുമെല്ലാം ഖുർആന്റെ മൗലികതത്ത്വങ്ങൾക്കെതിരാണ്.

സുന്നത്തുകൾ (ഐഛിക കർമങ്ങൾ) അനുഷ്ഠിച്ച് അല്ലാഹുവിലേക്ക് അടുത്താൽ അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ കാണാനും കേൾക്കാനും ചെയ്യാനുമുള്ള അനുവാദവും കഴിവും അല്ലാഹു നൽകും എന്നാണ് ഈ ഹദീസിന്റെ സർവാംഗീകൃത വ്യാഖ്യാനം. ഇമാം റാസിയും ഇബ്നു ഹജറുൽ അസ്ഖലാനി (റ) യും ഈ വ്യാഖ്യാനം വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ഇമാം റാസി (റ) പറയുന്നു.അപ്രകാരം അടിമ സൽകർമങ്ങൾ പതിവാക്കിയാൽ ഞാൻ കണ്ണും കാതുമായി എന്ന് അല്ലാഹു പറയുന്ന പരുവത്തിലേക്ക് അവൻ ഉയരും. അല്ലാഹുവിന്റെ നൂറ് (പ്രകാശം) ഒരാളുടെ കേൾവിയായി കഴിഞ്ഞാൽ അവൻ അടുത്തുള്ളതും അകലെയുള്ളതും കേൾക്കും. അപ്രകാരം അവന്റെ കാഴ്ചയായി കഴിഞ്ഞാൽ അവൻ അകലെയുള്ളതും അടുത്തുള്ളതും കാണും.ആ നൂറ് അവന്റെ കയ്യായി കഴിഞ്ഞാൽ ക്ലേശകരമായതും എളുപ്പമുള്ളതും അകലെയുള്ളതും അടുത്തുള്ളതും കൈകാര്യം ചെയ്യാൻ അവന് സാധിക്കും.

സൽകർമങ്ങളനുഷ്ഠിച്ച്, അടിമത്തം അതിന്റെ പൂർണാർത്ഥത്തിൽ അംഗീകരിച്ച് തന്റെ നാഥനു മുമ്പിൽ സ്വയം സമർപിക്കുന്ന ദാസന് കരുണാമയനായ സ്രഷ്ടാവ് ഇതര സൃഷ്ടികളിൽ വ്യത്യസ്തമായ ശേഷികൾ അവന്റെ ഇന്ദ്രിയങ്ങൾക്ക് നൽകുമോ എന്നത് പ്രമാണങ്ങൾക്ക് പുറമേ തെളിഞ്ഞ മനുഷ്യ ബുദ്ധിക്ക് സംശയലേശമന്യേ ബോധ്യപ്പെടുന്ന വസ്തുതയാണ്.കാരണം അല്ലാഹുവിനെ സ്നേഹിച്ചവനേ വലിയ്യാകൂ.തന്നെ ധിക്കരിക്കുന്നവർക്കു പോലും കാരുണ്യം ചെയ്യുന്നവനായ റബ്ബ് തന്നെ സ്നേഹിച്ചവരെ കൂടുതൽ സ്നേഹിക്കാതിരിക്കില്ല.അത് കൊണ്ട് തന്നെയാണ് ഈ മഹാ പദവി നൽകി ആദരിച്ചതും.തന്നെ മാത്രം കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള ഇന്ദ്രിയങ്ങൾ ഒരു അടിമക്ക് നൽകുന്നതിനേക്കാൾ വലുതാണോ അവന് ഒരു മരുഭൂമിയിൽ വെച്ച് ഒരു കഷ്ണം റൊട്ടി നൽകുന്നതും ഒരു സിംഹത്തെ കീഴ്പെടുത്തി തരുന്നതും.

## കുണ്ടൂർ ഉസ്താദ് -. ജീവിതം തന്നെ കറാമത്ത്

മഹാന്മാരുടെ ജീവിതത്തിൽ പലപ്പോഴും ഉണ്ടാവുന്ന അത്ഭുതങ്ങളാണല്ലോ കറാമത്ത്.എന്നാൽ അവരുടെ ജീവിതമാണ് അതിലേക്കാളേറെ അത്ഭുതം.ചെറുതും വലുതുമായ കുറ്റ കൃത്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും നിർബന്ധവും ഐച്ഛികവുമായ കാര്യങ്ങൾ ചെയ്യുമ്പോഴുമാണല്ലോ ഒരാൾ വിലായത്തിന്റെ അവസ്ഥയിലേക്കുയരുക.അത്തരം ഒരു ജീവിതം നയിക്കുക എന്നത് അതിക്ലിഷ്ടകരമാണ്.

ഇവിടെ കുണ്ടൂർ ഉസ്താദ് അത്യത്ഭുതം തീർക്കുന്നു; നിരന്തര നിസ്ക്കാര നോമ്പാദി ഇബാദത്തുകളുമായി കഴിഞ്ഞ ധാരാളം ഔലിയാക്കൾ ചരിത്രത്തിലുണ്ടായിട്ടുണ്ട്.കാരുണ്യ പ്രവർത്തനങ്ങൾ കൊണ്ട് ഉന്നതങ്ങൾ കീഴടക്കിയവരുണ്ട്. ഇശ്ഖിൽ വിലയിച്ച് മഅ്രിഫത്തിലേക്ക് പറന്നവരുണ്ട്. പാണ്ഡിത്യത്തിന്റെ മഹത്വം കൊണ്ട് ഉന്നത ദറജകൾ കൈവരിച്ചവരുണ്ട്. എന്നാൽ സദാ സമയം ദിക്റിൽ മുഴുകുമ്പോ ഴും സേവന പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നവരുണ്ടോ? അതേ സമയം ഹുബ്ബു റസൂലിൽ വിലയിച്ചവരുണ്ടോ ?. അതോ ടൊപ്പം വൈജ്ഞാനിക മേഖലയുമായി നിരന്തരം ബന്ധപ്പെടുന്ന വരുണ്ടോ ?. എല്ലാറ്റിനും പുറമേ അങ്ങനെ ഒരാൾ ഒരു സർഗ പ്രതിഭയും കവിയും സാഹിത്യകാരനും വായനക്കാരനുമാവുമോ ?. അപൂർവങ്ങളിൽ അപൂർവമാണ് അത്തരം ജന്മങ്ങൾ. അത് കൊണ്ടാണ് കുണ്ടൂർ ഉസ്താദിന്റെ ജീവിതം തന്നെയാണ് ഏറ്റവും വലിയ കറാമത്ത് എന്ന് പറയേണ്ടി വരുന്നത്.

അല്ലാഹുവിനെ സ്നേഹിച്ചവരാരും നിരാശപ്പെട്ടിട്ടില്ല ; അല്ലാഹു അവരെ തിരിച്ചു സ്നേഹിക്കാതിരുന്നിട്ടില്ല; അതിന്റെ അനുരണനങ്ങൾ അവരുടെ ജീവിതത്തിൽ പ്രതിഫലി ക്കാതിരുന്നില്ല; സാത്വിക ജീവിതങ്ങളെ അല്ലാഹു കറാമത്തുകൾ

കൊണ്ടാദരിച്ചു.പലർക്കും പല രൂപത്തിലുള്ള കറാമത്തുകൾ നൽകി; ചില വിഷയങ്ങളിൽ ചിലരോടവൻ കൂടുതൽ ഉദാരമായ നയങ്ങൾ സ്വീകരിച്ചു.അങ്ങനെ ശൈഖുനയുടെ ജീവിതത്തോടൊപ്പം കറാമത്തുകളും സഞ്ചരിച്ചു.പലപ്പോഴും ജീവിത മൂല്യങ്ങളിലാണ് കറാമത്തുകൾ പിറന്നത്. അതിനാൽ അവ രണ്ടും വിവേചിച്ചെടുക്കുക പ്രയാസമായിരുന്നു; ഏതാണ് കൂടുതൽ അത്ഭുതകരം എന്നറിയാത്ത വിധം ആ മൂല്യങ്ങളും സംഭവങ്ങളും കെട്ടുപിണഞ്ഞുകിടന്നു;കറാമത്തുകളായി എണ്ണേണ്ട പല കാര്യങ്ങളും മുന്നേ പരാമർശിച്ചു കഴിഞ്ഞുവെന്നാണ് പറയുന്നത്.മിച്ചമുള്ള സംഭവങ്ങളിൽ വളരെ കുറച്ച് മാത്രമേ ഇവിടെ ഉദ്ധരിക്കുന്നുള്ളൂ.സമാന സ്വഭാവമുള്ളത് കൊണ്ടും ആധികാരികത കൃത്യപ്പെടുത്താൻ സാധിക്കാത്തതു കൊണ്ടും പലതും ഒഴിവാക്കിയിട്ടുണ്ട്. സാധാരണക്കാരിൽ സാധാരണക്കാരോടൊപ്പമാണല്ലോ ഉസ്താദിന്റെ ജീവിതം, അവരിൽ വിരലിലെണ്ണാവുന്നരോട് മാത്രമേ നമുക്ക് ബന്ധപ്പെടാൻ സാധിച്ചിട്ടുള്ളൂ.